16797
118117

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്യുപ്മെന്റ് ഓർഗനൈസേഷനിൽ പാർട്ട്ടൈം സ്വീപ്പർ ആയ ശ്രീമതി.റ്റി.ഡി.അന്നമ്മയുടെ 18/06/2006 മുതൽ 31/10/2007 വരെയുള്ള ശമ്പള കുടിശ്ശിക അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം. 2614/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 28/07/2017

---

പരാമർശം : 1. സ.ഉ (സാധാ) നം.2817/07/തസ്വഭവ, തീയതി 27/10/2007.
2. സർക്കാരിന്റെ 05/02/2015-ലെ 64250/ഇആർബി3/2013/തസ്വഭവ നമ്പർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 13/10/2016, 15/07/2017 എന്നീ തീയതികളിലെ 8057/എസ്റ്റാ.ബി4/12/സിആർഡി നമ്പർ കത്തുകൾ

**ഉത്തരവ്**

മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്യുപ്മെന്റ് ഓർഗനൈസേഷനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ, ശ്രീമതി.റ്റി.ഡി.അന്നമ്മയുടെ സേവനം 18/06/2001 മുതൽ മുൻകാല പ്രാബല്യത്തോടെ ക്രമവൽക്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീമതി.റ്റി.ഡി.അന്നമ്മയ്ക്ക് 18/06/2001 മുതൽ 17/06/2006 വരെയുള്ള 5 വർഷത്തെ ശമ്പളകുടിശ്ശികയായ 88,670/- രൂപ (എൺപത്തി എണ്ണായിരത്തി അറുനൂറ്റി എഴുപത് രൂപ മാത്രം) അനുവദിച്ചു നല്കിയിട്ടുള്ളതായി പരാമർശം (3)ലെ കത്ത് പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. 18/06/2006 മുതൽ 31/10/2007 വരെയുള്ള ശമ്പള കുടിശ്ശിക കൂടി അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1)ലെ സർക്കാർ ഉത്തരവ് പ്രകാരം 18/06/2001 മുതൽ മുൻകാലപ്രാബല്യത്തോടെ സർവ്വീസിൽ സ്ഥിരപ്പെട്ടുത്തപ്പെട്ട, മൂവാറ്റുപുഴ ഗവണ്മെന്റ് ട്രാൻസ്പോർട്ട് & എക്വിപ്മെന്റ് ഓർഗനൈസേഷനിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി.റ്റി.ഡി.അന്നമ്മയുടെ 18/06/2006 മുതൽ 31/10/2007 വരെയുള്ള ശമ്പള കുടിശ്ശിക മാറി നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (സർവ്വീസ് ബുക്ക് സഹിതം)
2) ശ്രീമതി.റ്റി.ഡി.അന്നമ്മ,പാർട്ട് ടൈം സ്വീപ്പർ, മൂവാറ്റുപുഴ ഗവണ്മെന്റ് ട്രാൻസ്പോർട്ട് & എക്വിപ്മെന്റ് ഓർഗനൈസേഷൻ, (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
4) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എറണാകുളം)
5) ധനകാര്യ വകുപ്പ് (ഫയൽ നം.ഡെവ-1/351/2016-ഫിൻ തീയതി 07/03/2017)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക വകുപ്പ് ( Web & New Media)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ